# മലയാള മണ്ണിൽനിന്ന് മുപ്പത് വാള്യമുള്ള തഫ്സീർ!


**സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ**

- ‘സയ്യിദുൽ ബശർ’ ആണ് ബാവ ഉസ്താദിന്റെ മാസ്റ്റർ പീസ്.
- 1978ൽ പുറത്തിറങ്ങിയ ‘അന്ത്യ പ്രവാചകരുടെ പ്രവചനങ്ങൾ’ ആദ്യ കൃതിയാണ്.
- 150 ഓളം കൃതികൾ ഉസ്താദിന്റെ തൂലികയിൽ നിന്ന് വിരചിതമായിട്ടുണ്ട്.

മലയാള മണ്ണിൽ നിന്ന് അറബി സാഹിത്യത്തിന് അനുപമമായ സംഭാവനകൾ നൽകിയ പ്രതിഭാധനനായ പണ്ഡിതനും വിശ്രുത ഗ്രന്ഥകാരനും സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറാംഗവുമാണ് ഖലമുൽ ഇസ്‌ലാം കോടമ്പുഴ ബാവ മുസ്‌ലിയാർ. ജീവിതത്തിന്റെ പ്രധാന ഭാഗവും എഴുത്തിനും അധ്യാപനത്തിനും വേണ്ടി മാറ്റിവെച്ച അദ്ദേഹം അവിശ്രമ പരിശ്രമത്തിന്റെയും നിതാന്ത ജാഗ്രതയുടെയും മാതൃകാ രൂപമാണ്.

വാഴക്കാട് ദാറുൽ ഉലൂം അറബിക് കോളേജിൽ നിന്ന് മുത്വവ്വലും കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് അഫ്ളലുൽ ഉലമയും പൂർത്തിയാക്കിയ ബാവ മുസ്‌ലിയാർ കേരള ഗവൺമെന്റ് അറബിക് ടെക്സ്റ്റ് ബുക്ക് കമ്മിറ്റി, സ്ക്രൂട്ടിനി കമ്മിറ്റി എന്നിവയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പഴമയുടെ തനിമയും പുതുമയുടെ സൗന്ദര്യവും ഇഴകിച്ചേർന്നതാണ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെല്ലാം.

നീ എങ്ങോട്ട്, ദാമ്പത്യ വിജ്ഞാന സംഗ്രഹം, മൂന്നു വർഷത്തെ ദീർഘ നിദ്ര, മഖ്ബറയിലെ ആചാരങ്ങൾ: തെറ്റും ശരിയും തുടങ്ങിയ ചില ചെറുകൃതികൾ വിദ്യാർഥിക്കാലത്ത് രചിച്ചിരുന്നെങ്കിലും 1978ൽ പ്രസിദ്ധീകരിച്ച അന്ത്യപ്രവാചകരുടെ പ്രവചനങ്ങൾ എന്ന പുസ്തകമാണ് ആദ്യത്തെ പ്രധാന ഗ്രന്ഥം. ഗ്രന്ഥരചനാ രംഗത്ത് കൂടുതൽ ശ്രദ്ധ നൽകിയ സാഹചര്യത്തെക്കുറിച്ച് ഉസ്താദ് പറയുന്നതിങ്ങനെ: ‘വാമൊഴികളെക്കാൾ വരമൊഴികളാണ് എന്നും അവശേഷിക്കുക. കഴിഞ്ഞ തലമുറയിൽ പ്രഗത്ഭരായ പണ്ഡിതന്മാർ ധാരാളമുണ്ടായെങ്കിലും കൂടുതൽ രചനകളില്ലാത്തതുകൊണ്ട് പിൽക്കാലത്ത്




അവർ വേണ്ടവിധം ജനമനസ്സുകളിൽ ജീവിച്ചില്ല. ഈ പശ്ചാത്തലത്തിൽ, സമീപ-വിദൂര ദിക്കുകളിലുള്ളവർക്കും പിൻതലമുറകൾക്കും ഉപകാരപ്പെടണമെന്നാഗ്രഹിച്ചാണ് രചനാ രംഗത്തേക്ക് പ്രവേശിച്ചത്.’

മലയാളത്തിലും നിരവധി ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ടെങ്കിലും അറബി രചനയിലാണ് കൂടുതൽ ശ്രദ്ധിക്കുന്നത്. 150 ഓളം കൃതികൾ ഉസ്താദിന്റെ തൂലികയിൽ നിന്ന് വിരചിതമായിട്ടു

ണ്ട്. അതിൽ ഏറ്റവും വലുതും ശ്രദ്ധേയവും തയ്സീറുൽ ജലാലൈനിയാണ്. വിശ്രുതമായ തഫ്സീറുൽ ജലാലൈനിയുടെ വ്യാഖ്യാന ഗ്രന്ഥമാണത്. നീണ്ട 18 വർഷത്തെ കഠിനാധ്വനങ്ങൾ ക്കൊടുവിലാണ് 30 വാള്യങ്ങളിൽ ഇതിന്റെ രചന പൂർത്തി യാകുന്നത്. രോഗശയ്യയിലും വിശ്രമവേളയിലുമെല്ലാം രചന മുടങ്ങാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തിയിരുന്നു ഉസ്താദ്.

സ്വതന്ത്രമായൊരു തഫ്സീർ രചനക്ക് തുനിയാതെ നിലവിലു ള്ള ഒരു തഫ്സീറിന് വ്യാഖ്യാന മെഴുതിന്റെ കാരണം ഉസ്താദ് തന്നെ പറയുന്നു: 'നമ്മുടെ പൂർവികരിൽ അധികപേരും സ്വീകരിച്ചുവരുന്ന രീതിയാണിത്. മുൻഗാമികളുടെ ഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനങ്ങളോ സംക്ഷേപങ്ങ ളോ ടിപ്പണിയോ രചിക്കുക. അതിൽ പ്രത്യേക ബറകതുണ്ട്. അങ്ങനെയാണ് ആ രീതി സ്വീകരിച്ചത്.'

മതപഠന കലാലയങ്ങളിലെ പാഠ്യഗ്രന്ഥമാണ് ജലാലൈനി. ജലാലൈനിയോളം ലളിതവും സംക്ഷിപ്തവുമായ മറ്റൊരു ആധികാരിക തഫ്സീർ ലഭ്യമല്ല. മൂലകൃതിയുടെ രചയിതാക്കളായ ജലാലുദ്ദീനുൽ മഹല്ലി(റ), ജലാലുദ്ദീനിസ്സുയൂത്വി(റ) എന്നിവർ ശാഫിഈ മദ്ഹബുകാരായതി നാൽ ഫിഖ്ഹീ വീക്ഷണത്തിൽ കേരളീയരോട് യോജിക്കുന്നതു മാണ് ഈ ഗ്രന്ഥം. ഇതുകൊ ണ്ടൊക്കെയാണ് മൂലകൃതിയായി ജലാലൈനി തിരഞ്ഞെടുത്തത്.

തൈസീറുൽ ജലാലൈനി പുരാതനവും ആധുനികവുമായ കാര്യങ്ങളെല്ലാം സമ്മേളിച്ചതും വിശുദ്ധ ഖുർആനിൽ പരാമർശി ക്കപ്പെട്ട പ്രധാന ചർച്ചകളെല്ലാം സവിസ്തരം പ്രതിപാദിക്കുന്ന തുമായ വ്യാഖ്യാന ഗ്രന്ഥമാണ്. പ്രപഞ്ചോൽപത്തി, മനുഷ്യോൽ പത്തി, ഭാഷോൽപത്തി, സിഹ്റ് സംബന്ധമായ ചർച്ചകൾ, നസ്ഖ് സംബന്ധിച്ച വിശകലന ങ്ങളും നിഷേധികൾക്കുള്ള മറുപടികളും, കഅ്ബ



നിർമാണം, ഖിബ്‌ല മാറ്റം, മുത്വലാഖ് തുടങ്ങിയ വിഷയങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

ഇസ്റാഈലികളുടെ ഉത്ഭവവും ചരിത്രവും, മുബാഹല സംഭവം, ത്രിയേകത്വത്തിന്റെ ഖണ്ഡനം, ഈസാ നബി(അ) യുടെ ആകാശാരോഹണം, കരിശു മരണത്തിന്റെ ഖണ്ഡനം, ഹാറൂത്-മാറൂത്, ഹാ ബീൽ-ഖാബീൽ എന്നിവരുടെ കഥകൾ, പൗരോഹിത്യ വിമർശം, വലിയ്യുമാർക്ക് വേണ്ടി




നേർച്ച മൃഗങ്ങളെ അഴിച്ചുവിടൽ, പരലോകത്തെ ദിവ്യദർശനം, ആകാശത്തുനിന്ന് അവതീർണ മായ ഭക്ഷണത്തളിക, മീസാൻ സംബന്ധമായ സംശയങ്ങളും മറുപടികളും, പ്രവാചകന്മാരുടെ അദ്ഭുത സിദ്ധികൾ, ദൈ വിക-ഭൗതിക ശിക്ഷകൾ, ഖുർആനിന്റെ വെല്ലുവിളികൾ, ആത്മീയ ലോകത്തെ ഉടമ്പടിയും കരാറും, ഫിർഔൻ, ഹാമാൻ, ഖാറൂൻ, ബൽആം, നംറൂദ്, വലീദ് എന്നിവരുടെ ദുരന്ത കഥകൾ, യുദ്ധചരിത്രങ്ങളും മുസ്‌ലിംകളുടെ വിജയഗാഥകളും, പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ രഹസ്യങ്ങൾ, തൗഹീദിന്റെ പാരമ്പര്യവും ശിർക്കിന്റെ ആവിർഭാവവും തുടങ്ങിയ വ്യത്യസ്ത ചർച്ചകൾ തൈസീറിലുണ്ട്.

നബി(സ്വ)യുടെ ഖുർആനി കേതര മുഅ്ജിസത്തുകൾ, കപടവിശ്വാസികളുടെ കുതന്ത്രങ്ങളും പരാജയങ്ങളും, ഖബ്ർ ശിക്ഷ; നിഷേധവും മറുപടിയും, ബഹുഭാര്യത്വത്തിന്റെ യുക്തിയും ഫലങ്ങളും, ലോകാവ സാനവും അനുബന്ധമായ മഹാസംഭവങ്ങളും, മതപരിത്യാ ഗത്തിന്റെ ദുരന്തഫലങ്ങൾ, സ്ത്രീകളുടെ അവകാശങ്ങളും ബാധ്യതകളും, അസ്വ്ഹാബുൽ കഹ്ഫും 300 വർഷത്തെ ദീർഘനിദ്രയും, മിതവ്യയം, അമിതവ്യയം, ദുർവ്യയം, ദുൽകർ നൈനിയും അലക്സാണ്ടറും, യഅ്ജൂജ്-മഅ്ജൂജ്: വിശദ പഠനം, സ്വർഗലോകവും അതിലെ അവാച്യമായ അനുഗ്ര ഹങ്ങളും, നരകലോകവും അതിലെ അവർണനീയ ശിക്ഷകളും, മാതൃകാ വനിതക

**സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറാംഗമായ ഖലമുൽ ഇസ്‌ലാം കോടമ്പുഴ ബാവ മുസ്‌ലിയാർ അറബി സാഹിത്യത്തിന് അനുപമമായ സംഭാവനകൾ നൽകിയ പ്രതിഭാധനനായ പണ്ഡിതനാണ്.**

ളായ ആസിയ, മറിയം(റ) എന്നിവരുടെ ജീവചരിത്രം, ആദം(അ), ഇസ്മാഈൽ(അ), യഹ്‌യ(അ) ഈസാ(അ) എന്നിവരുടെ അദ്ഭുത ജനനം, ഇദ്‌രീസ്(അ) ആകാശത്തോ ഭൂമിയിലോ?, ഖളിർ(അ) ഇന്നും ജീവിച്ചിരിപ്പുണ്ടോ?, ഗോപൂജയുടെ ചരിത്രം, ദൈവാസ്തിക്യം, തൗഹീദ് എന്നിവയുടെ വിശകലനം, ഇസ്‌റാഈലീ കെട്ടുകഥകളുടെ അനാവരണം, റൂഹ്, ഖൽബ്, അഖ്ൽ എന്നിവയുടെ വിശകലനം, വ്യഭിചാരവും ശിക്ഷയും, ഖുർആനിന്റെ ഇടവിട്ടുള്ള അവതരണത്തിന്റെ രഹസ്യം, മൃഗത്തെക്കാൾ അധഃപതിച്ച മനുഷ്യർ, ആഗോള ജലപ്രളയത്തിന്റെ കഥ, രാജാക്കന്മാരായ പ്രവാചകന്മാർ, ജിന്ന്-ശൈത്വാൻ-ഇഫ്‌രീത്വ്, ബിൽഖീസ് രാജ്ഞിയുടെ ഇസ്‌ലാമാശ്ലേഷം, ദാബ്ബതുൽ അർള്: വിശദ പഠനം, ദാബ്ബത്തുൽ അർളും ശിയാക്കളും, ഖുർആനിന്റെ പുലർന്ന പ്രവചനങ്ങൾ, ലുഖ്‌മാനുൽ ഹകീമിന്റെ തത്ത്വോപദേശങ്ങൾ, ജൂതന്മാരുടെ വഞ്ചനകളും പ്രതികാര നടപടികളും, പ്രവാചകത്വ പരിസമാപ്തി, വ്യാജ പ്രവാചകന്മാർ, ബാബിയ്യ, ബഹാഇയ്യ, ഖാദിയാനിയ്യ പാർട്ടികളെ പറ്റിയുള്ള വിശകലനവും വിമർശവും, താബൂതിന്റെ ചരിത്രം, ബലി നടന്ന പ്രവാചകൻ ഇസ്മാഈൽ നബിയോ ഇസ്ഹാഖ് നബിയോ? തുടങ്ങിയ പണ്ഡിതോചിതമായ ചർച്ചകളും അതുസംബന്ധമായ വിശദീകരണങ്ങളും തൈസീറിൽ കാണാം.



ഭരണാധിപന്റെ ആവശ്യകത, പ്രവാചകന്മാർക്ക് വിജയം വാഗ്ദാനം ചെയ്യപ്പെട്ടിട്ടും എന്തുകൊണ്ട് അവരിൽ ചിലർ വധിക്കപ്പെട്ടു? എന്തുകൊണ്ട് ചിലർക്ക് പലായനം ചെയ്യേണ്ടി വന്നു?, അല്ലാഹു ജനങ്ങളോട് സംസാരിക്കുന്ന വിധം, അനുഗ്രഹങ്ങൾ വിശ്വാസികൾക്ക് മാത്രമോ അവിശ്വാസികൾക്ക് മാത്രമോ നൽകാത്തതിന്റെ ഉൾപ്പൊരുൾ, ബറാഅത്ത് സൂറത്തിലെ ലൈലത്തുൽ മുബാറക ബറാഅത്ത് രാവോ ലൈലത്തുൽ ഖദ്‌റോ?, ബൈഅത്തുൽ രിള്‌വാൻ കഥയും ചരിത്രവും, സ്വഹാബത്തിന്റെ വിശ്വാസ്യതയും പവിത്രതയും, പ്രക്ഷോഭകാരികളോടുള്ള സമരം, സാഹോദര്യത്തിന്റെ മുറകൾ, ഗീബത്ത്: നിർവചനം, ഇനങ്ങൾ, വിനകൾ, കാരണങ്ങൾ, പ്രതിവിധികൾ, ഭൂമിയുടെ ഗോളാകൃതിയും ചലനവും, ഖുർആനും പ്രപഞ്ചവികാസ തത്ത്വവും, മനുഷ്യന് അവൻ പ്രവർത്തിച്ചത് മാത്രം എന്ന വാക്യത്തിന്റെ വിശദ വ്യാഖ്യാനം, ചന്ദ്രൻ പിളർന്ന സംഭവം: സംശയങ്ങൾക്ക് മറുപടി, ബുധനാഴ്ച നഹ്സ് ദിവസമോ?, ഖദ്‌റ് വിശ്വാസത്തിന്റെ രഹസ്യങ്ങളും സദ്ഫലങ്ങളും, നിഷേധികൾക്കുള്ള മറുപടിയും, ലൗഹുൽ മഹ്ഫൂളും വിധിയും, സോപാധിക വിധിയും നിരുപാധിക വിധിയും, ഉദയാസ്തമയങ്ങളുടെ ഖുർആനിക വീക്ഷണം, ആകാശത്തുനിന്നുള്ള ഇരുമ്പിന്റെ അവതരണം തുടങ്ങിയ അസംഖ്യം ചർച്ചകളുടെ സമാഹാരമാണ് തൈസീർ. മുപ്പതിലധികം സുപ്രധാന തഫ്‌സീർ ഗ്രന്ഥങ്ങൾ നേരിട്ട് അവലംബിച്ച് രചിച്ച ഗ്രന്ഥമെന്നത് തൈസീറിനെ വ്യത്യസ്തമാക്കുന്നു.

പള്ളിദർസുകളിലെയും മറ്റു മതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും മുതിർന്ന വിദ്യാർഥികൾ പഠനം നടത്തുന്ന തഫ്‌സീറുൽ ബൈളാവിക്ക് ലഭ്യമായ സർവ പ്രാമാണിക വ്യാഖ്യാനങ്ങളും അവലംബിച്ചുകൊണ്ട് സംക്ഷിപ്തവും ലളിതവുമായി

**ജീവിതത്തിന്റെ പ്രധാന ഭാഗവും എഴുത്തിനും അധ്യാപനത്തിനും വേണ്ടി മാറ്റിവെച്ച ഉസ്താദ് അവിശ്രമ പരിശ്രമത്തിന്റെയും നിതാന്ത ജാഗ്രതയുടെയും മാതൃകയാണ്.**



ബാവ ഉസ്താദ് തന്നെ രചിച്ചിട്ടുള്ള 'തസ്ഹീലുൽ ബൈളാവി' തഫ്സീർ ശാഖയിലെ മറ്റൊരു സവിശേഷ രചനയാണ്. ഫാതിഹയുടെയും അൽബഖറയിലെ ആദ്യ ആയത്തുകളുടെയും വ്യാഖ്യാനവും വിശകലനവുമാണ് അതിന്റെ ഒന്നാം ഭാഗത്തിലുള്ളത്.

മലയാളത്തിലുള്ള നിരവധി ഗ്രന്ഥങ്ങൾക്ക് പുറമെ നബിവചനങ്ങളുടെ അന്തസ്സാരങ്ങളിലേക്ക് പഠനയാത്ര നടത്തുന്ന 'ഇഖ്തിബാറുന്നഫ്സ് ഫിൽ അഹാദീസിന്നബവിയ്യ' ഹദീസ് വിജ്ഞാനശാഖയിലെ അറബിയിലുള്ള പ്രധാന ഗ്രന്ഥമാണ്. പ്രാമാണിക കിതാബുകളെ ആധാരമാക്കി പ്രബലമായ വിധികൾ മാത്രം അതിലളിതമായവതരിപ്പിക്കുന്ന കർമശാസ്ത്ര സംക്ഷേപമായ 'ഖുലാസ്വതുൽ ഫിഖ്ഹിൽ ഇസ്‌ലാമി', ഇൻഷൂറൻസും അതിന്റെ വകഭേദങ്ങളും അതുമായി ബന്ധപ്പെട്ട നിഷിദ്ധ സാമ്പത്തിക ഇടപാടുകളും കർമശാസ്ത്ര പിൻബലത്തോടെ വിശദീകരിക്കുന്ന 'അത്തഅ്മീൻ ഫീ മിൻളാരിൽ ഫിഖ്ഹിൽ ഇസ്‌ലാമി' എന്നിവയാണ് അറബിയിലുള്ള കർമശാസ്ത്ര വിജ്ഞാനശാഖയിലെ പ്രധാന കൃതികൾ.



> **മലയാളത്തിലും നിരവധി ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ടെങ്കിലും അറബി രചനയിലാണ് അദ്ദേഹം കൂടുതൽ ശ്രദ്ധിക്കുന്നത്. ഉസ്താദിന്റെ രചനകളിൽ ഏറ്റവും വലുതും ശ്രദ്ധേയവുമായ ഗ്രന്ഥം തൈസീറുൽ ജലാലൈനിയാണ്.**

ജൗഹറതുത്തൗഹീദ്, ഹിദായതുൽ അദ്കിയ, നഫാഇസുദ്ദുറർ എന്നിവയുടെ വ്യാഖ്യാനമായ 'രിസ്ഖുൽ അസ്വ്ഫിയാഅ്' തസ്വവ്വുഫ് ശാഖയിലെ ശ്രദ്ധേയ കൃതിയാണ്. വിഷയക്രമത്തിൽ ശീർഷകങ്ങൾ നൽകിയും ഓരോ ശീർഷകത്തിനും ആമുഖം നൽകിയും ഓരോ പദ്യത്തിനും പദത്തിനും ആവശ്യമായ ശർഹുകൾ നൽകിയും ഓരോ പദ്യത്തിന്റെയും ആശയ വിശകലനം നടത്തുന്ന രീതിയാണ് ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളത്.

ഓരോ സ്വലാത്തിലും തിരുനബി(സ്വ)യുടെ ഓരോ മുഅ്ജിസത്ത് പരിചയപ്പെടുത്തുന്ന 140 സ്വലാത്തുകൾ ഉൾക്കൊള്ളുന്ന 'ഇഹ്ദാഉസ്സ്വലവാതിസ്സാഹിറ അലന്നബിയ്യി ബിൽ മുഅ്ജിസാതിൽ ബാഹിറ' തസ്വവ്വുഫ് ഇനത്തിലുള്ള മറ്റൊരു പ്രധാന അറബി രചനയാണ്.

'യനാബീഉൽ ഗിനാ ശർഹു അസ്മാഇല്ലാഹിൽ ഹുസ്നാ' എന്ന അറബി ഗ്രന്ഥം വിശ്വാസ ശാസ്ത്രത്തിലുള്ളതാണ്. അല്ലാഹുവിന്റെ തിരുനാമങ്ങളുടെ അർഥതലങ്ങളും പ്രാധാന്യവും വിവരിക്കുന്ന അത്യപൂർവ രചനയാണിത്. അല്ലാഹുവിന്റെ നാമങ്ങളെ ഇതിവൃത്തമാക്കി ഖുത്വുബുൽ അഖ്ത്വാബ് അബ്ദുൽ ഖാദിർ(റ)വും അല്ലാമാ മുഹമ്മദ് ദിംയാത്വി(റ)വും തയ്യാറാക്കിയ രണ്ടു ഖസ്വീദകൾ വിശകലനം ചെയ്യുന്ന അമൂല്യ ഗ്രന്ഥമാണ് 'അത്തവസ്സുലുൽ അസ്നാ ബിൽ അസ്മാഇൽ ഹുസ്നാ.' കൂടാതെ അറബിയിൽ 'അതീദതുൽ മഹാം ശർഹു അഖീദതിൽ അവാം, അൽഅംസിലതുൽ റായിഅ മിനൽ മുഅ്ജിസാതിസ്സാത്വിഅ, സഹാബുസ്സലാൽ ശർഹു കിതാബിസ്സആത്' എന്നിവയും ഉസ്താദ് രചിച്ചിട്ടുണ്ട്.

മനുഷ്യ പിതാവായ ആദം നബി(അ)യെ കുറിച്ചുള്ള 'അബുൽ ബശർ' ആണ് ചരിത്ര മേഖലയിൽ ഉസ്താദിന്റെ ആദ്യഗ്രന്ഥം. 'സയ്യിദുൽ ബശർ' ആണ് അദ്ദേഹത്തിന്റെ മാസ്റ്റർ പീസ്. മനുഷ്യ വർഗത്തിന്റെ അനിഷേധ്യ നേതാവായ മുഹമ്മദ് നബി(സ്വ)യുടെ സമഗ്രവും സംക്ഷിപ്തവുമായ ജീവചരിത്രമാണത്. നാലു ഖലീഫമാരുടെ മുപ്പതു സംവത്സരം നീണ്ടുനിന്ന സുവർണ ഭരണത്തിന്റെ ലളിത ചരിത്രം അവതരിപ്പിക്കുന്ന 'ഖിലാഫതുർറാശിദ,' പിന്നീട് നിലവിൽ വന്ന ഉമവി ഭരണകൂടത്തിന്റെ ഒരു നൂറ്റാണ്ട് കാലത്തെ ചരിത്രവും രാഷ്ട്രീയ-സാമൂഹിക നിലപാടുകളും അവലോകനം ചെയ്യുന്ന 'ഖിലാഫതുൽ ഉമവിയ്യ',

ഇസ്‌ലാമിക ഭരണാരംഭം മുതൽ അബ്ബാസിയ്യ ഖിലാഫത്ത് വരെയുള്ള ചരിത്രസംക്ഷിപ്ത അവലോകനവും മറ്റും വിശകലനം ചെയ്യുന്ന 'താരീഖുൽ ആലമിൽ ഇസ്‌ലാമി' എന്നിവയും ശ്രദ്ധേയ രചനകളാണ്.

'ഖലീലുല്ലാഹി ഇബ്റാഹീം (അ), അൽഇമാമുശ്ശാഫിഈ മനാഖിബുഹു വ മവാഹിബുഹു, ഇമാമുൽ മുഹദ്ദിസീൻ മുഹമ്മദ് ബ്നു ഇസ്മാഈലുൽ ബുഖാരി, ഖുത്വുബുൽ അഖ്ത്വാബ് അശ്ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ), സീറതു ഉമറിബ്നി അബ്ദിൽ അസീസ്, റഈസുസ്സാഹിദീൻ ഇബ്റാഹീമുബ്നു അദ്ഹം(റ)' തുടങ്ങിയവ ഉസ്താദ് രചിച്ച വ്യക്തിജീവിത ചരിത്ര ഗ്രന്ഥങ്ങളാണ്.

അറബി സാഹിത്യ ലോകത്ത് വിശ്രുതരായ ഗദ്യ പദ്യ സാഹിത്യകാരന്മാരുടെ ഏറ്റവും മികച്ച കലാസൃഷ്ടികളുടെ മാതൃകകളും അവയുടെ അനിവാര്യ വ്യാഖ്യാനങ്ങളും ഉൾക്കൊള്ളുന്ന 'ജിനാനുൽ അദബ്', അദ്ഭുത ശരീരങ്ങൾ, അപൂർവ ജഡങ്ങൾ, അന്തരീക്ഷത്തിലൂടെ പറന്നവർ, ഖബ്റിലെ അദ്ഭുത പ്രകടനങ്ങൾ തുടങ്ങി നൂറ്റി എഴുപതോളം ശീർഷകങ്ങളിൽ എഴുപതിലധികം അവലംബ കൃതികളുടെ അകമ്പടിയോടെ പൂർത്തിയാക്കിയ 'അൽഅജ്സാദുൽ അജീബ വൽ അബ്ദാനുൽ ഗരീബ്', വ്യത്യസ്ത സംഭവങ്ങൾ നൽകുന്ന ഗുണപാഠങ്ങൾക്കനുസൃതമായി തലക്കെട്ടുകൾ നൽകി തയ്യാറാക്കിയ 'അൽഫു ഖിസ്സതിൻ വ ഖിസ്സ' തുടങ്ങിയ ഗ്രന്ഥങ്ങളും വിശ്രുതം.

> **നീണ്ട 18 വർഷത്തെ കഠിനാധ്വാനങ്ങൾക്കൊടുവിലാണ് 30 വാള്യങ്ങളിൽ തൈസീറുൽ ജലാലൈനി പൂർത്തിയായിരിക്കുന്നത്. ഖുർആനിൽ പരാമർശിച്ച പ്രധാന ചർച്ചകളെല്ലാം സവിസ്തരം പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം വിശ്രുതമായ തഫ്സീറുൽ ജലാലൈനിയുടെ വ്യാഖ്യാനമാണ്.**



## ഭാവി രചയിതാക്കൾക്കായ്

അറബി ഗ്രന്ഥരചനാ രംഗത്ത് പ്രതിഭകൾ ഉയർന്നുവരണമെന്നും അതിനാവശ്യമായ എല്ലാ കഴിവുകളും അവരാർജിക്കണമെന്നും ഉസ്താദിന് അതിയായ ആഗ്രഹമുണ്ട്. അറബി രചനാതൽപരർക്കുള്ള ഉസ്താദിന്റെ നിർദേശങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം: പ്രശസ്ത സാഹിത്യകാരന്മാരുടെ ഗദ്യ പദ്യ രചനകൾ മനസ്സിരുത്തി വായിക്കണം. നിരന്തര വായനയിലൂടെ മാത്രമേ സാന്ദർഭികമായ പദപ്രയോഗങ്ങളും ശൈലികളും വശത്താക്കാനാവൂ. സന്ദർഭോചിതമായ പദങ്ങളും ശൈലികളും നാക്കിൽനിന്നും പേനയിൽനിന്നും യാന്ത്രികമായി നിർഗളിക്കും വിധം വായനയിലൂടെ ഭാഷയുമായി ഇഴുകിച്ചേരണം. പൗരാണികരും ആധുനികരുമായ അറബി സാഹിത്യകാരന്മാരുടെ കൃതികൾ നവാഗത എഴുത്തുകാർ ചേർത്തുപിടിക്കണം.

അജ്ഞാനകാല കവികളുടെ മുഅല്ലഖകൾ, കഅ്ബുബ്നു സുഹൈർ, ഹസ്സാനുബ്നു സാബിത്, അലിയ്യുബ്നു അബീത്വാലിബ്(റ) തുടങ്ങിയ സ്വഹാബീ കവികളുടെ പദ്യങ്ങൾ, ജരീർ, ഫറസ്ദഖ്, അബൂതമാം എന്നിവരുടെ ദീവാനുകൾ, ഇബ്നുൽ മുഖഫ്ഫഇന്റെ കലീല വ ദിംന, ഹരീരി, ഹമദാനി തുടങ്ങിയവരുടെ മഖാമാത്തുകൾ തുടങ്ങിയ പ്രാചീന സാഹിത്യ ഗ്രന്ഥങ്ങളും മുസ്ഥഫാ ലുത്ഫിൽ മൻഫലൂത്തി, അഹ്മദ് ശൗഖി, കാമിൽ കൈലാനി, ഡോ. മുസ്ഥഫ സബാഇ തുടങ്ങിയ ആധുനികരുടെയും പണ്ഡിതന്മാരുടെയും കൃതികളും വായിച്ചിരിക്കണം. പുറമെ ആനുകാലിക പ്രസിദ്ധീകരണങ്ങളും നിരന്തരം പരിചയിക്കണം.

ഗ്രന്ഥരചന ഉദ്ദേശിക്കുന്ന യുവപണ്ഡിതർ സുപ്രധാനമായി ഗൗനിക്കേണ്ട കാര്യങ്ങൾ ഉസ്താദ് പങ്കുവെച്ചതിങ്ങനെ:

1. അറബി ഭാഷയിലും വ്യാകരണത്തിലും പ്രാവീണ്യം നേടുക.
2. ഏതു വിഷയത്തിലാണോ ഉപന്യസിക്കുന്നത് തദ്വിഷയകമായുള്ള ആധികാരിക സ്രോതസ്സുകൾ ശേഖരിക്കണം.
3. നന്നായി വായിച്ച് ആവശ്യമായ പോയിന്റുകൾ കുറിച്ചെടുക്കണം.
4. ക്രമീകൃത വിവരങ്ങൾ ഖണ്ഡിക തിരിച്ച് വിപുലീകരിക്കുക.
5. പ്രധാന വാദങ്ങളും ജ്ഞാനങ്ങളും ആവശ്യമായ പ്രമാണങ്ങളും എതിർപ്രമാണങ്ങൾക്കുള്ള മറുപടികളും ചേർത്ത് സമർഥിക്കുക.